ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

22 [2911] ശ്രീ. മഞ്ഞളാംകുഴി അലി :
,, വി. കെ. ചന്ദ്രൻ :
,, ടി. പി. രാമകൃഷ്ണൻ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2005 ജനുവരി 31 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ സ്വരൂപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ ഫണ്ടിൽ നിന്നും കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്നും, ഏതെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് വിനിയോഗിച്ചിട്ടുള്ളതെന്നും പറയാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് നിർദ്ദിഷ്ട പദ്ധതികൾക്കായി വിനിയോഗിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഫണ്ട് വിനിയോഗിക്കാനാവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും സമയബന്ധിതമായി അവ പൂർത്തിയാക്കുകയും ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ജില്ലാ വിദഗ്ദ്ധ സമിതികൾ തയ്യാറാക്കിയ പദ്ധതികൾ അംഗീകാരം നൽകി നടപ്പാക്കിവരുന്നു.

സുനാമി ദുരന്തത്തിൽ മരിച്ചവരുടെ ആനുകൂല്യങ്ങൾ

23 [2912] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുനാമി ദുരന്തത്തെ തുടർന്ന് ചാത്തന്നൂർ നിവാസികളായ ഏലിയാമ്മ, മധുസൂദനൻപിള്ള എന്നിവർ തമിഴ്നാട്ടിലെ വേളാങ്കണ്ണിയിൽ വച്ചും,

LIBRARY ARCHIVES Kerala Legislative Assembly

പുരുഷോത്തമൻ പിള്ള എന്നയാൾ ആൻഡമാനിൽ വച്ചും മരണപ്പെട്ട സാഹചര്യത്തിൽ ഇവർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ആശ്രിതർക്ക് ലഭ്യമാക്കിയോ എന്ന് വിശദമാക്കാമോ?

ഉത്തരം

ഏലിയാമ്മ, മധുസൂദനൻപിള്ള എന്നിവർക്ക് തമിഴ്നാട് സർക്കാരിൽ നിന്നും 1 ലക്ഷം രൂപ വീതമുള്ള ഡി.ഡി. ലഭിച്ചിട്ടുണ്ട്. ടി തുക അനന്തരാവകാശികൾക്ക് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആൻഡമാനിൽ മരണപ്പെട്ട പുരുഷോത്തമൻ പിള്ളയ്ക്ക് ടി സർക്കാരിന്റെ ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശത്തോ താമസിച്ചിരുന്നവരും അവിടെ മരണപ്പെട്ടവരുമായ മറുനാടൻ മലയാളികൾക്ക് ആനുകൂല്യങ്ങൾ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടില്ല.

പ്രകൃതി ദുരന്തങ്ങൾ ബാധിക്കുവാൻ സാദ്ധ്യതയുള്ളതായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങൾ

24 [2913] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തം ഉണ്ടായതിന് ശേഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇതിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ ബാധിക്കുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രകൃതി ദുരന്തങ്ങളെ സംബന്ധിക്കുന്ന എന്തൊക്കെ വിവരങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശമുള്ളതെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ അത്തരം ഒരു ഡാറ്റാബേസ് ഉണ്ടാക്കുവാൻ ശ്രമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റിന് ഒരു ഹെഡ് ഓഫ് ഫാക്കൽറ്റിയും ഒരു റിസർച്ച് ഓഫീസറും മാത്രമെയുള്ളു. ഐ.എൻ.എമ്മിൽ നിന്നു ലഭിച്ച റിപ്പോർട്ടു പ്രകാരം 'ഹെഡ് ഓഫ് ഫാക്കൽറ്റി' ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും നഷ്ടങ്ങളുടെയും ആവശ്യങ്ങളുടെയും ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുനാമി ദുരന്തത്തിന്റെ ആഘാതവും നഷ്ടവും വിശദമാക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly